ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം,പിൻകോഡ് :-695033
മെയിൽ ഐ ഡി :- aclaclr@gmail.com
ഫോൺ :-0417-2322796

LR/620/2024-LR(J11) Date:27-09-2024

## ക്വട്ടേഷൻ നോട്ടീസ്

സംസ്ഥാന സർക്കാരിന്റെ നാലാം നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 01/10/2024 മുതൽ 25/10/2024 വരെ വിവിധ ജില്ലകളിൽ നടക്കുന്ന ജില്ലാതല പട്ടയമേളകളിൽ വിതരണം ചെയ്യുന്ന പട്ടയങ്ങൾ ഉള്ളടക്കം ചെയ്യുന്നതിനുള്ള കവറുകൾ പ്രിന്റ് ചെയ്യുന്നതിന് ബഹു. റവന്യൂ മിനിസ്റ്ററുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 27/09/2024 ലെ 529/PS/M(R&H)/2024 നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതല പട്ടയമേളകളിൽ വിതരണം ചെയ്യുന്ന A4 വലിപ്പത്തിലുള്ള പട്ടയങ്ങൾ ഉള്ളടക്കം ചെയ്യുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഡിസൈൻ ഉൾപ്പെടുത്തിയുള്ള 15700 കവറുകൾ പ്രിന്റ് ചെയ്യുന്നതിനായി വിവിധ സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻ നൽകുന്ന കവറിനു മുകളിൽ "Quotation for Printing Pattayam Cover" എന്ന് രേഖപ്പെടുത്തി കമ്മീഷണർ ലാൻഡ് റവന്യൂ വകുപ്പ്, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്. തിരുവനന്തപുരം എന്ന വിലാസത്തിലോ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണർ (എൽഎ) യുടെ ക്യാബിനിലോ സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 28.09.2024, 4.00 PM. ആവസാന തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷൻ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ലഭ്യമായ ക്വട്ടേഷനുകൾ 28.09.2024, ദിവസം 4.30 PM ന് തുറക്കുന്നതായിരിക്കും. മേൽ വർക്ക് ചെയ്യുന്നതിനാവശ്യമായ സമയ പരിധി ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

ഇപ്രകാരം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ തന്നെ തള്ളികളയുന്നതിനുമുള്ള അധികാരം വകുപ്പ് മേധാവിയിൽ നിക്ഷിപ്തമാണ്.

വിശ്വസ്തതയോടെ

A GEETHA IAS, JC _CLR, O/O Joint Commissioner CLR

ഉള്ളടക്കം :- Design Model

പകർപ്പ് :-

1) ജൂനിയർ സൂപ്രണ്ട്, ജെ സെക്ഷൻ, (നോട്ടീസ് ബോർഡിൽ പതിച്ച് നടത്തുന്നതിനായി)
2) നോഡൽ ഓഫീസർ, ഐ.റ്റി സെൽ, (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)